# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1000 01.03.2017-ലെ മറുപടി

## ഫലപ്രദമായ ജലവിതരണ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| എ സംസ്ഥാനത്ത് ഫലപ്രദമായി ജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണ് ; | എ ഫലപ്രദമായ ജലവിതരണത്തിന് പ്രധാന തടസ്സങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. 365 ദിവസവും ആവശ്യത്തിന് ജല ലഭ്യതയുള്ള സ്രോതസ്സുകളുടെ അഭാവം, മഴക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കുമെങ്കിലും ഇത് ശേഖരിച്ച് നിർത്താനുള്ള വൻകിട ജലസംഭരണികളുടെ അഭാവം മൂലം വേനൽക്കാലത്ത് നദികളിലെ നീരൊഴുക്ക് നിലയ്ക്കുമ്പോൾ നദികൾ സ്രോതസ്സായുള്ള പദ്ധതികൾ പ്രതിസന്ധിയിൽ ആകുന്നു. തടയണകൾ കെട്ടി പരമാവധി ജലം ശേഖരിച്ച് നിർത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും നദികളിലെ അമിതമായ മണലൂറ്റു കാരണം തടയണകൾ ഉദ്ദേശിച്ച പ്രയോജനം നൽകുന്നില്ല. വേനൽക്കാലത്ത് ഭൂഗർഭ വിതാനം ക്രമാതീതമായി താഴുന്നതിനാൽ ബോർവെല്ലുകളെയും ആശ്രയിച്ചുള്ള പദ്ധതികളും പ്രതിസന്ധിയിൽ ആകുന്നു.<br><br>2. മിക്കവാറും പദ്ധതിയിൽ ആളോഹരി പ്രതിദിനം 40 ലിറ്റർ, 70 ലിറ്റർ എന്ന കണക്കിൽ രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ കേരളത്തിലെ ആളോഹരി ഉപഭോഗം ഇതിൽ നിന്നും വളരെ ഉയർന്നതായാൽ പദ്ധതി ആകെ താളം തെറ്റുന്നു.<br><br>3. 2000 എ.ഡി.ക്കു മുമ്പുള്ള പദ്ധതികളിൽ എ.സി.പ്രീമോ, ജി.ഐ. പൈപ്പുകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. ലോഹ നിർമ്മിത പൈപ്പുകളെ അപേക്ഷിച്ച് ഈടു കുറഞ്ഞ ഇത്തരം പൈപ്പുകൾ കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിച്ച് സ്ഥിരമായി പൊട്ടലുകൾക്കും ജലനഷ്ടത്തിനും കാരണമാകുന്നു. |

4. റോഡ് വികസനം വ്യാപകമായപ്പോൾ പഴയ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ റോഡിന്റെ നടുവിൽ ആകുകയും പൊട്ടലുകൾക്കിടയാവുകയും ചെയ്യുന്നു.

5. പൈപ്പുകളിലെ അറ്റകുറ്റപണികൾ നടത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും റോഡ് അധികൃതരിൽ നിന്നും അനുവാദം ലഭിക്കേണ്ടതുണ്ട്. . റോഡ് പുനർനിർമ്മാണത്തിന് വൻതുക ആവശ്യമാകുന്നതും പ്രവൃത്തികളുടെ വേഗത്തെ സാരമായി ബാധിക്കുന്നുണ്ട്.

6. വൈദ്യുതി ലഭ്യത, വോൾട്ടേജ് ക്ഷാമം തുടങ്ങിയവ മൂലം പമ്പിംഗിനുള്ള തടസ്സം

7. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനും വൻതുക ആവശ്യമുണ്ട്. വൈദ്യുതി, വേതനം, കെമിക്കൽസ്, സ്പെയർ പാർട്ടുകൾ തുടങ്ങിയ ചെലവുകളുടെ വർദ്ധന കാരണം പ്രവർത്തനച്ചിലവ് വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇത് വരുമാനവും ചിലവും തമ്മിലുള്ള വിടവ് വൻതോതിൽ വർദ്ധിക്കുന്നതിന് കാരണമാകുന്നു.

8. പുതിയ പദ്ധതികൾ സ്ഥാപിക്കുന്നതിനും പഴയവവിപുലീകരിക്കുന്നതിനും ആവശ്യമായ സ്ഥലലഭ്യത, റോഡ്/റെയിൽവേ അനുമതികൾക്കുള്ള കാലതാമസം, വിഭവ ശേഷിയുള്ള കരാറുകാരുടെ അഭാവം, ധനലഭ്യത തുടങ്ങിയ കാര്യങ്ങളും പദ്ധതി നടത്തിപ്പിന്റെ ഗതിവേഗത്തെ ബാധിക്കുന്നുണ്ട് .

9. ക്രമാതീതമായ വരുമാനരഹിത ജലവും (Non revenue water) ഫലപ്രദമായ പ്രവർത്തനത്തിന് തടസ്സമാണ്.

| | | | |
|---|---|---|---|
| ബി | കാലപ്പഴക്കംചെന്ന പൈപ്പുലൈനുകളിലൂടെയുള്ള ജലവിതരണംമൂലം പൈപ്പുകൾക്ക കേടുപാടു സംഭവിച്ച് പ്രതിദിനം ശരാശരി എത്ര ലിറ്റർ കുടിവെള്ളം പാഴാകുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി | പ്രതിദിനം വിവിധ പദ്ധതികളിലായി ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവ് നിർണ്ണയിക്കാൻ ആവശ്യമായ ബൾക്ക് മീറ്ററുകൾ മിക്കവാറും പദ്ധതികളിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവ് കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല. അതിനാൽ തന്നെ ചോർച്ചയും മറ്റും മൂലമുള്ള ജല നഷ്ടം കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. ബൾക്ക് മീറ്ററുകൾ സ്ഥാപിക്കാൻ വൻതോതിൽ പണം |

ആവശ്യമാണെങ്കിലും ഘട്ടം ഘട്ടമായി ഇത്തരം മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ജലനഷ്ടത്തിന്റെ അളവ് ലഭ്യമല്ലെങ്കിലും ഏകദേശം 35 ശതമാനം ജല നഷ്ടം സംഭവിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു.

സി വാഹന ഗതാഗതമുള്ള റോഡുകൾക്കടിയിലൂടെ ഏകദേശം എത്ര ദൈർഘ്യം ജലവിതരണ പൈപ്പ് ലൈനുകൾ കടന്നുപോകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

സി 1914 മുതൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ വിവിധ പദ്ധതികളിലായി പ്രവർത്തന ക്ഷമമായുള്ളതിനാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ കുടിവെള്ള വിതരണം ഫലപ്രദമായി നടത്താൻ പൈപ്പുകളുടെയും മറ്റ് ആസ്തികളുടെയും കൃത്യമായ കണക്കും ആസ് ലെയ്ഡ് മാപ്പും ആവശ്യമാണ്. ഇത് മനസ്സിലാക്കി കേരളത്തിലെ എല്ലാ ജില്ലകളിലെയും പൈപ്പുകളുടെയും മറ്റ് ആസ്തികളുടെയും കണക്കെടുപ്പ് നടത്തി GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഈ പ്രവർത്തി പൂർത്തിയാകുന്നതോടെ പൈപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമാവുന്നതാണ്.

ഡി അശാസ്ത്രീയമായ ഈ സംവിധാനത്തിനു പകരം ആധുനിക കാലഘട്ടത്തിന് യോജിച്ച രീതിയിൽ കുടിവെള്ള ശൃംഖല വിപുലപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഡി സാധാരണ പദ്ധതികൾ കൃത്യമായ രൂപ കൽപ്പനയുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശാടിസ്ഥാനത്തിൽ ആളോഹരി 40 ലിറ്റർ, 70 ലിറ്റർ, 135 ലിറ്റർ പ്രതിദിനം ആവശ്യകത കണക്കാക്കിയായിരുന്നു നാളിതുവരെ പദ്ധതികൾ തയ്യാറാക്കിയിരുന്നത്. കേരളത്തിലെ ആളോഹരി ഉപഭോഗം വളരെ ഉയർന്നതായതിനാലും അമിതവേഗം നഗര വത്കരണം സംഭവിക്കുന്നതിനാലും നിലവിലുള്ള പദ്ധതികളുടെ രൂപകൽപ്പന അപ്രസക്തമാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ എല്ലാ പുതിയ പദ്ധതികളുടെയും രൂപകൽപ്പന ഗ്രാമീണ മേഖലയിൽ 100 ലിറ്ററും നഗരമേഖലയിൽ 150 ലിറ്ററും ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതു പോലെ തന്നെ പൈപ്പുകൾ തെരഞ്ഞെടുക്കുന്നത് വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിലുമാണ്. ഇത്തരത്തിൽ കൃത്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധമായകുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

Renuka Sankar

സെക്ഷൻ ഓഫീസർ